പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2270 | 23.01.2014-ൽ മറുപടിയ്ക്ക്

# ഭക്ഷ്യധാന്യ ഗോഡൗൺ നിർമ്മാണത്തിനായി സ്ഥലം നൽകാൻ നടപടി

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ വൈദ്യുതി ബോർഡിൻെറ കൈവശമുള്ള 14.5 ഏക്കർ വരുന്ന സ്ഥലത്ത് നിന്നും 5 ഏക്കർ സ്ഥലം ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ആധുനിക ഭക്ഷ്യധാന്യ ഗോഡൗൺ നിർമ്മാണത്തിനായി വിട്ടുകിട്ടണമെന്ന ഭക്ഷ്യ പൊതു വിതരണ വകുപ്പിൻെറ ആവശ്യത്തിന്മേൽ സ്വികരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് വൈദ്യുതി ബോർഡ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിൻെറ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഭൂമി കൈമാറുന്നത് സംബന്ധിച്ച് വൈദ്യുതി ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ തീരുമാനമെന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) (ബി) (സി) & (ഡി) അങ്കമാലി നിയോജക മണ്ഡലത്തിൽ വൈദ്യുതി ബോർഡിൻെറ കൈവശമുള്ള 14.5 ഏക്കർ വരുന്ന സ്ഥലത്തു നിന്നും 5 ഏക്കർ സ്ഥലം ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയ്ക്ക് ആധുനിക ഭക്ഷ്യ ധാന്യ ഗോഡൗൺ നിർമ്മാണത്തിനായി വിട്ടു നൽകണമെന്ന് കേരള സംസ്ഥാന പൊതുവിതരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയ്ക്ക് ആവശ്യമുള്ള സ്ഥലത്തിൻെറ വിശദാംശങ്ങൾ വാങ്ങി, അതനുസരിച്ച് സ്ഥലം വിട്ടു നൽകാൻ കഴിയുമോയെന്ന് പരിശോധിക്കാനും സ്ഥലം വിട്ടു നൽകുമ്പോൾ ബോർഡിൻെറ കെട്ടിടങ്ങളും മറ്റും പുന:ക്രമീകരിക്കുന്നതിന് ആവശ്യമായി വരുന്ന തുകയും, വിട്ടു നൽകുന്ന സ്ഥലത്തിന് മാർക്കറ്റ് റേറ്റ് അനുസരിച്ച് വില ലഭ്യമാക്കുന്നതിനും വേണ്ടി ഫുഡ് കോർപ്പറേഷനുമായി കരാർ ഉണ്ടാക്കുന്നതിന് ചീഫ് എഞ്ചിനീയർ (സിവിൽ കണസ്ട്രക്ഷൻ) സൗത്തിനെ അധികാരപ്പെടുത്തുകയുണ്ടായി.

ഇതനുസരിച്ച് ഫുഡ് കോർപ്പറേഷനുമായി ബന്ധപ്പെട്ടപ്പോൾ അവർക്ക് അപ്രോച്ച് റോഡ് സൗകര്യത്തോടു കൂടിയ 7.5 ഏക്കർ സ്ഥലം ആവശ്യമുണ്ടെന്ന് അറിയിക്കുകയുണ്ടായി. അങ്കമാലിയിലുള്ള ബോർഡിൻെറ ഭൂമിയിൽ താഴെ പറയുന്നവ പ്രവർത്തിക്കുന്നു.

1. മധ്യകേരളത്തിൻെറ ആവശ്യത്തിനുള്ള ഇലക്ട്രിക് പോസ്റ്റ് (A Pole), ലൈൻ മെറ്റീരിയൽസ് ഇവ നിർമ്മിക്കുന്ന വർക്ക് ഷോപ്പ്, സ്റ്റോക്ക് യാർഡ് തുടങ്ങിയവ.

2. ഇലക്ട്രിക് മീറ്റർ ടെസ്റ്റിംഗ് ലാബ്.
3. ട്രാൻസ്ഫോർമർ റിപ്പയർ യൂണിറ്റ്.
4. ഓഫീസ് കെട്ടിടങ്ങൾ, ജീവനക്കാരുടെ ക്വാർട്ടേഴ്സ് തുടങ്ങിയവ.

7.5 ഏക്കർ സ്ഥലം കൈമാറിയാൽ ബോർഡിന്റെ അങ്കമാലിയിലുള്ള വിവിധ ഓഫീസുകളുടെ ഇപ്പോഴുള്ള പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ 7.5 ഏക്കർ സ്ഥലം കൈമാറുന്നതിനുള്ള പ്രയാസം ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.